080/22-M

ചോദ്യപുസ്തക അക്ഷരകോഡ് **A**

A

ഉദ്യോഗാർത്ഥിക്കുള്ള ലേബൽ

ചോദ്യങ്ങളുടെ ആകെ എണ്ണം : 100 | സമയം : 75 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. അന്റാർട്ടിക്കയിൽ സ്ഥിതി ചെയ്യുന്ന ഇന്ത്യയുടെ ഗവേഷണ കേന്ദ്രം ഏത് ?
   A) പെട്രെൽ B) ഗംഗ C) ഭാരത് D) മൈത്രി

2. കോമൺസെൻസ് എന്ന ലഘുലേഖ ഏത് സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടതാണ് ?
   A) ഫ്രഞ്ച് B) ലാറ്റിൻ അമേരിക്കൻ
   C) അമേരിക്കൻ D) ആഫ്രിക്കൻ

3. ജാലിയൻവാലാബാഗ് സംഭവത്തിന് കാരണമായ കരിനിയമം.
   A) റൗലറ്റ് നിയമം B) ഉപ്പ് നിയമം
   C) പ്രദേശിക പത്ര നിയമം D) സ്റ്റാമ്പ് നിയമം

4. താഴെ പറയുന്നവയിൽ ഏത് നദിയാണ് സിയാചിൻ ഹിമാനിയിൽ നിന്ന് ഉത്ഭവിക്കുന്നത് ?
   A) സത്‌ലജ് B) ഷ്യോക് C) നുബ്ര D) ബിയാസ്

5. നേതാജി സുഭാഷ് ചന്ദ്രബോസ് വിമാനത്താവളം ഏത് സംസ്ഥാനത്താണ് ?
   A) കർണാടക B) മഹാരാഷ്ട്ര
   C) ഗുജറാത്ത് D) പശ്ചിമബംഗാൾ

6. തിരുവിതാംകൂറിൽ പ്രാഥമികവിദ്യാഭ്യാസം സൗജന്യമാക്കിയ ഭരണാധികാരി ആരാണ് ?
   A) ഗൗരി പാർവതീഭായി B) ഗൗരി ലക്ഷ്മിഭായി
   C) മാർത്താണ്ഡവർമ D) ശ്രീചിത്തിര തിരുനാൾ

7. ഭാഷാ അടിസ്ഥാനത്തിൽ രൂപീകൃതമായ ആദ്യ ഇന്ത്യൻ സംസ്ഥാനം ഏത് ?
   A) കേരളം B) തമിഴ്‌നാട് C) ആന്ധ്രാപ്രദേശ് D) പഞ്ചാബ്

8. താഴെപ്പറയുന്നവയിൽ ഏതുമായി ബന്ധപ്പെട്ടതാണ് സ്റ്റീരിയോസ്കോപ് ?
   A) ശൃംഖലാ വിശകലനം B) വിദൂര സംവേദനം
   C) ഖനനം D) സമുദ്ര പര്യവേഷണം

9. ഇന്ത്യയിൽ കാപ്പികൃഷി ആദ്യം ആരംഭിച്ച പ്രദേശം ഏത് ?
   A) കുടക് B) വയനാട് C) ബാബാ ബുദാൻ D) നീലഗിരി

10. സംസ്ഥാന പുന:സംഘടനാ കമ്മീഷനിലെ അംഗം ഇവരിൽ ആരായിരുന്നു ?
    A) കെ. എം. പണിക്കർ B) പോറ്റി ശ്രീരാമലു
    C) ബി. ആർ. അംബേദ്കർ D) എസ്. എൻ. ഭട്നഗർ

11. ലോകസഭയിലേക്കും സംസ്ഥാന നിയമസഭകളിലേക്കും തെരഞ്ഞെടുപ്പ് നടത്താൻ ഉപയോഗിക്കുന്ന രീതി.
   A) F.P.T.P. സമ്പ്രദായം
   B) ആനുപാതിക പ്രാതിനിധ്യ സമ്പ്രദായം
   C) സെക്കന്റ് ബാലറ്റ് സിസ്റ്റം
   D) ഇവയൊന്നുമല്ല

12. സ്വതന്ത്ര ഇന്ത്യയിലെ ആദ്യ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ.
   A) G.V. മൗലങ്കർ
   B) ഫസൽ അലി
   C) സുകുമാർ സെൻ
   D) പോറ്റി ശ്രീരാമലു

13. 2005-ൽ നിലവിൽ വന്ന വിവരാവകാശ നിയമത്തിന്റെ പിന്നിൽ പ്രവർത്തിച്ച സംഘടന ഏത് ?
   A) M.K.S.S.
   B) N.B.A.
   C) ചിപ്കോ പ്രസ്ഥാനം
   D) ദളിത് പാന്തേഴ്സ്

14. മിസ്സോ നാഷണൽ ഫ്രണ്ട് (M.N.F.) ന്റെ സ്ഥാപകൻ.
   A) P.A. സാഗ്മ
   B) ചോഗ്യൽ
   C) അംഗമി സാഫു ഫിസോ
   D) ലാൽ ഡെങ്ക

15. ഏത് ലക്ഷ്യം കൈവരിക്കാനാണ് 2003-ലെ വൈദ്യുതി നിയമം പ്രധാനമായും ലക്ഷ്യമിട്ടത് ?
   A) പുതിയ ആണവ നിലയങ്ങൾ സ്ഥാപിക്കുക
   B) പുനരുപയോഗ യോഗ്യമായ ഊർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുക
   C) വൈദ്യുതി മോഷണത്തിന് കർശന ശിക്ഷ വ്യവസ്ഥ ചെയ്യുന്നു
   D) ഇവയൊന്നുമല്ല

16. കേശവാനന്ദ ഭാരതി കേസിൽ ചില തത്വങ്ങൾ ഭരണഘടനയുടെ അടിസ്ഥാന പ്രമാണങ്ങളാണെന്ന് സുപ്രീംകോടതി വിധിച്ചിരുന്നു. താഴെപ്പറയുന്നവയിൽ അടിസ്ഥാന പ്രമാണങ്ങളായി അംഗീകരിക്കപ്പെട്ട തത്വങ്ങൾ ഏവ ?
   i) ജനാധിപത്യം
   ii) മതേതരത്വം
   iii) റിപ്പബ്ലിക്കൻ രീതിയിലുള്ള ഗവൺമെന്റ്
   A) i ഉം ii ഉം
   B) iii മാത്രം
   C) ii ഉം iii ഉം
   D) മേൽപ്പറഞ്ഞവ എല്ലാം

17. മൗലികാവകാശ സംരക്ഷണത്തിനായി റിട്ടുകൾ പുറപ്പെടുവിക്കാൻ ഹൈക്കോടതികൾക്ക് അധികാരം നല്കുന്ന ഭരണഘടനാ അനുച്ഛേദം ഏത് ?

A) 32 B) 226 C) 19 D) 44

18. ''ഇന്ത്യൻ ഭരണഘടനയുടെ ഹൃദയവും ആത്മാവും'' എന്ന് ഡോ. B.R. അംബേദ്കർ വിശേഷിപ്പിച്ച ഭരണഘടനാ അനുച്ഛേദം.

A) 19 B) 356 C) 32 D) 14

19. താഴെപ്പറയുന്നവയിൽ കൺകറന്റ് ലിസ്റ്റിൽ പെടുന്ന വിഷയങ്ങൾ ഏവ ?

i) വിദ്യാഭ്യാസം ii) ജയിൽ

iii) വനം iv) ബാങ്കിംഗ്

A) i, ii, iii B) ii, iii, iv C) i, iii D) ഇവയെല്ലാം

20. 1989-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ സാധുത നല്കണമെന്ന് നിർദ്ദേശിച്ച കമ്മറ്റി ഏത് ?

A) P.K. തുംഗൻ കമ്മറ്റി B) ബൽവന്തറായ് മേത്ത കമ്മറ്റി

C) അശോക് മേത്ത കമ്മറ്റി D) സർക്കാരിയ കമ്മറ്റി

21. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ [R.B.I.] യുടെ പണനയ [Monetary Policy] വുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏതെല്ലാം ?

i) സമ്പദ്‌വ്യവസ്ഥയിൽ പണത്തിന്റെ സപ്ലൈ [Money Supply] കുറയ്ക്കുന്നതിനായി ഗവൺമെന്റ് ബോണ്ടുകൾ കമ്പോളത്തിൽ വിൽക്കും.

ii) സമ്പദ്‌വ്യവസ്ഥയിൽ പണത്തിന്റെ സപ്ലൈ കൂട്ടണമെങ്കിൽ ബാങ്ക് റേറ്റ് [Bank Rate] കൂട്ടണം.

iii) സമ്പദ്‌വ്യവസ്ഥയിൽ പണത്തിന്റെ സപ്ലൈ കൂട്ടേണ്ടി വരുമ്പോൾ കമ്പോളത്തിൽ നിന്ന് ഗവൺമെന്റ് ബോണ്ടുകൾ വാങ്ങും.

A) i ഉം ii ഉം മാത്രം B) i ഉം iii ഉം മാത്രം

C) ii ഉം iii ഉം മാത്രം D) i ഉം ii ഉം iii ഉം

22. താഴെപ്പറയുന്നവയിൽ ധനനയവുമായി [Fiscal Policy] ബന്ധപ്പെട്ട തെറ്റായ വസ്തുത/വസ്തുതകൾ ഏതെല്ലാം ?

a) പണപ്പെരുപ്പമുള്ളപ്പോൾ [Inflation] ഗവൺമെന്റ് ചെലവുകൾ കൂട്ടുന്നു.

b) പണച്ചുരുക്കമുള്ളപ്പോൾ [Deflation] നികുതി നിരക്കുകൾ കുറയ്ക്കുന്നു.

c) പണപ്പെരുപ്പമുള്ളപ്പോൾ ഗവൺമെന്റ് കടം വാങ്ങുന്നത് കുറയ്ക്കുന്നു.

A) b യും c യും മാത്രം B) a യും c യും മാത്രം

C) a മാത്രം D) a യും b യും c യും

23. ശരിയായ ജോഡി/ജോഡികൾ കണ്ടെത്തുക.

i) ഓട്ടോമാറ്റിക് സ്റ്റെബിലൈസർ നയം – ആനുപാതിക നികുതി

ii) മൊത്തം ധനക്കമ്മി = മൊത്തം ചെലവ് – വായ്പ ഒഴികെയുള്ള മൊത്തം വരുമാനം

iii) നീതി ആയോഗ് – ആസൂത്രണസമിതിയുടെ പിൻഗാമി

A) iii മാത്രം
B) i ഉം ii ഉം iii ഉം
C) i ഉം ii ഉം മാത്രം
D) ii മാത്രം

24. ഇന്ത്യൻ കാർഷിക മേഖലയിൽ നിലനിൽക്കുന്ന തൊഴിലില്ലായ്മയാണ്

A) ഘടനാപരമായ തൊഴിലില്ലായ്മ
B) പ്രത്യക്ഷ തൊഴിലില്ലായ്മ
C) പ്രച്ഛന്ന തൊഴിലില്ലായ്മ
D) ഇവയൊന്നുമല്ല

25. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ [R.B.I.] ഒരു സാമ്പത്തിക വർഷമാണ്

A) ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ
B) ജൂൺ 1 മുതൽ ജൂലൈ 31വരെ
C) മാർച്ച് 31 മുതൽ ഏപ്രിൽ 1 വരെ
D) ജൂലൈ 1 മുതൽ ജൂൺ 30 വരെ

26. കേരളത്തിൽ പ്രാദേശിക കാപ്പി ഗവേഷണകേന്ദ്രം സ്ഥിതി ചെയ്യുന്നത് എവിടെ ?

A) ആനക്കയം
B) മടക്കത്തറ
C) ചുണ്ടേൽ
D) അമ്പലവയൽ

27. മനുഷ്യശരീരത്തിൽ വൃക്കകൾ ഉത്പാദിപ്പിക്കുന്ന ഹോർമോണിന്റെ പേരെന്ത് ?

A) അഡ്രിനാലിൻ
B) എറിത്രോപോയെറ്റിൻ
C) ഓക്സിടോസിൻ
D) ആൽഡോസ്റ്റീറോൺ

28. മാതാപിതാക്കൾ ഇരുവരുമോ അവരിൽ ആരെങ്കിലുമോ നഷ്ടപ്പെട്ട, സാമ്പത്തികമായി പരാധീനത അനുഭവിക്കുന്ന കുട്ടികളുടെ ഉന്നമനത്തിനായി, കേരള സാമൂഹിക സുരക്ഷാ മിഷൻ നടപ്പാക്കിയിരിക്കുന്ന സാമ്പത്തിക സഹായ പദ്ധതിയുടെ പേരെന്ത് ?

A) ആശ്വാസകിരണം
B) പ്രത്യാശ
C) സ്നേഹസാന്ത്വനം
D) സ്നേഹപൂർവ്വം

29. താഴെപ്പറയുന്നവയിൽ വൈറസ് മൂലം ഉണ്ടാകുന്ന രോഗമേത് ?

A) സാർസ്
B) സിഫിലിസ്
C) ഷിഗെല്ലോസിസ്
D) ആന്ത്രാക്സ്

30. താഴെപ്പറയുന്നവയിൽ, 2022-ലെ ലോക പരിസ്ഥിതിദിനത്തിന്റെ പ്രമേയം (തീം) എന്താണ് ?

A) ജൈവ വൈവിധ്യം
B) ഒരു ഭൂമി മാത്രം
C) പരിസ്ഥിതി പുനർജ്ജീവനം
D) പ്ലാസ്റ്റിക്കിനെ തുരത്താം

31. 212°F (ഡിഗ്രി ഫാരൻഹൈറ്റ്) കെൽവിൻ സ്കെയിലിൽ എത്രയായിരിക്കും ?

A) 0 K
B) 273 K
C) 373 K
D) 100 K

32. 10 kg മാസുള്ള ഒരു വസ്തുവിനെ നിരപ്പായ തറയിലൂടെ 10 m വലിച്ചു നീക്കുന്നു, എങ്കിൽ ഗുരുത്വാകർഷണ ബലത്തിനെതിരായി ചെയ്യുന്ന പ്രവൃത്തിയുടെ അളവ് എത്രയായിരിക്കും ?

A) 1000 J
B) 1 J
C) 100 J
D) പൂജ്യം

33. ആസ്പിരിൻ ഏത് ഇനം ഔഷധ വിഭാഗത്തിൽ പെടുന്നു ?

A) അനാൾജെസിക്കുകൾ
B) ആന്റിപൈറെറ്റിക്കുകൾ
C) ആന്റിബയോട്ടിക്കുകൾ
D) അന്റാസിഡുകൾ

34. ഹൈഡ്രജനും ഓക്സിജനും ഉപയോഗിച്ച് വൈദ്യുതോർജ്ജം ഉത്പാദിക്കുന്നതിനുള്ള സംവിധാനം ഏതാണ് ?

A) ഗാൽവാനിക് സെൽ
B) ഫ്യുവൽ സെൽ
C) വോൾട്ടായിക് സെൽ
D) വൈദ്യുതരാസ സെൽ

35. ''ഒരു വസ്തുവിൽ അടങ്ങിയിരിക്കുന്ന ദ്രവ്യത്തിന്റെ അളവ്'', അളക്കാൻ ഉപയോഗിക്കുന്ന SI യൂണിറ്റ് ഏത് ?

A) കിലോഗ്രാം
B) കിലോഗ്രാം ഭാരം
C) കിലോമീറ്റർ
D) മോൾ

36. സെക്കണ്ടറി മെമ്മറിക്ക് ഉദാഹരണം.

A) റാൻഡം ആക്സസ് മെമ്മറി
B) ഹാർഡ് ഡിസ്ക്
C) റീഡ് ഒൺലി മെമ്മറി
D) രജിസ്റ്റർ

37. ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ ഇവയിൽ ഏതാണ് ?

i) വിൻഡോസ്
ii) ലിനക്സ്
iii) എക്സൽ
iv) ജിംപ്

A) i & ii
B) ii & iii
C) iii & iv
D) i, ii & iv

38. നിശ്ചിത മാധ്യമത്തിലൂടെ നിശ്ചിത സമയത്ത് കൈമാറ്റം ചെയ്യാൻ കഴിയുന്ന പരമാവധി ഡാറ്റയുടെ അളവിനെ __________ എന്നുപറയുന്നു.

A) ഫ്രീക്വൻസി
B) ഡാറ്റ കമ്മ്യൂണിക്കേഷൻ
C) ബാൻഡ് വിഡ്ത്
D) ഡാറ്റ ടൈപ്പ്

39. താഴെ പറയുന്നവയിൽ സെർച്ച് എൻജിൻ ഏത് ?

A) ഗൂഗിൾ
B) ഫയർഫോക്സ്
C) ഒപേറ
D) ഇന്റർനെറ്റ് എക്സ്പ്ലോറർ

40. ഐഡന്റിറ്റി മോഷണം നടക്കുന്നത് തടയുന്ന ഐ. ടി. ആക്ട്.

A) ഐ. ടി. ആക്ട് 65
B) ഐ. ടി. ആക്ട് 66 B
C) ഐ. ടി. ആക്ട് 66 C
D) ഐ. ടി. ആക്ട് 66 F

41. സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട പ്രസ്താവനകൾ പരിശോധിച്ച് ശരിയായ ഉത്തരം തെരെഞ്ഞെടുക്കുക.

i) 1981-ൽ സ്ഥാപിതമായി.
ii) 1979-ൽ സ്ഥാപിതമായി.
iii) പ്രസിദ്ധീകരിച്ച ആദ്യപുസ്തകം പി. നരേന്ദ്രനാഥിന്റെ കുഞ്ഞിക്കൂനൻ ആണ്.
iv) കേരളത്തിലെ സാംസ്ക്കാരിക വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നു.

A) i, iv എന്നിവ മാത്രം
B) ii, iii & iv എന്നിവ മാത്രം
C) i, iii & iv എന്നിവ മാത്രം
D) ii, iii എന്നിവ മാത്രം

42. കോമൺവെൽത്ത് ഗെയിംസിനെ സംബന്ധിച്ച് അനുയോജ്യമായ ഉത്തരം തെരെഞ്ഞെടുക്കുക.

i) 1940-ൽ ആണ് ഇന്ത്യ കോമൺവെൽത്ത് ഗെയിംസിൽ ആദ്യമായി പങ്കെടുക്കുന്നത്.
ii) 2010-ൽ ഇന്ത്യ കോമൺവെൽത്ത് ഗെയിംസിന് ആതിഥേയത്വം വഹിച്ചു.
iii) 2022-ലെ കോമൺവെൽത്ത് ഗെയിംസ് ഇംഗ്ലണ്ടിലെ ബിർമിംഗ്ഹാമിൽ നടക്കും.
iv) 1942-ൽ ആണ് കോമൺവെൽത്ത് എന്ന് ഔദ്യോഗികമായി അറിയപ്പെട്ട ഗെയിംസ് നടന്നത്.

A) i, ii & iii എന്നിവ മാത്രം
B) ii, iii എന്നിവ മാത്രം
C) ii, iv എന്നിവ മാത്രം
D) i, iv എന്നിവ മാത്രം

43. താഴെ തന്നിരിക്കുന്ന രണ്ട് പട്ടികകളിലെ വിവരങ്ങളെ ചേരുംപടി ചേർക്കുക.

| A | B |
|---|---|
| i) പടയണി | v) കാളിദാരിക പുരാവൃത്തം |
| ii) തെയ്യം | vi) സംസ്കൃത നാടകം |
| iii) മുടിയേറ്റ് | vii) തപ്പ് |
| iv) കൂടിയാട്ടം | viii) തോറ്റം പാട്ടുകൾ |

A) i – vi, ii – vii, iii – v, iv – viii
B) i – viii, ii – vii, iii – vi, iv – v
C) i – vi, ii – v, iii – viii, iv – vii
D) i – vii, ii – viii, iii – v, iv – vi

44. മലയാള സിനിമയുമായി ബന്ധപ്പെട്ട് താഴെ നൽകിയ പ്രസ്താവനകൾ പരിശോധിച്ച് അനുയോജ്യമായ ഉത്തരം തെരെഞ്ഞെടുക്കുക.

i) മലയാളത്തിലെ രണ്ടാമത്തെ നിശ്ശബ്ദ ചിത്രമാണ് മാർത്താണ്ഡവർമ്മ.
ii) രാഷ്ട്രപതിയുടെ വെള്ളിമെഡൽ നേടിയ മലയാള ചിത്രമാണ് ചെമ്മീൻ.
iii) കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ ആദ്യചെയർമാൻ തോപ്പിൽ ഭാസി ആണ്.
iv) ഭാർഗ്ഗവീനിലയം എന്ന സിനിമക്കാധാരമായ കഥയാണ് വൈക്കം മുഹമ്മദ് ബഷീറിന്റെ നീലവെളിച്ചം.

A) i, ii & iii എന്നിവ മാത്രം
B) ii, iii & iv എന്നിവ മാത്രം
C) i, iii & iv എന്നിവ മാത്രം
D) i, iv എന്നിവ മാത്രം

45. ആശാൻ കവിതകളുമായി ബന്ധപ്പെട്ടവ പരിശോധിച്ച് ശരിയായ ഉത്തരം തെരെഞ്ഞെടുക്കുക.

i) സ്തോത്രകൃതികൾ
ii) കാല്പനികത
iii) പിംഗള
iv) ഖണ്ഡകാവ്യങ്ങൾ

A) ii, iv എന്നിവ മാത്രം
B) ii, iii എന്നിവ മാത്രം
C) i, ii & iv എന്നിവ മാത്രം
D) i, iii എന്നിവ മാത്രം

46. 2026-ലെ ശീതകാല ഒളിമ്പിക് ഗെയിംസിന് ആതിഥേയത്വം വഹിക്കുന്ന നഗരങ്ങൾ ഏതെല്ലാം ?

i) മിലാൻ
ii) നാപോളി
iii) ചമോനിക്സ്മോണ്ട്
iv) കോർട്ടിന ഡി ആമ്പെസോ

A) i, ii എന്നിവ മാത്രം
B) i, iv എന്നിവ മാത്രം
C) iii, iv എന്നിവ മാത്രം
D) ii, iii എന്നിവ മാത്രം

47. താഴെ തന്നിരിക്കുന്ന രണ്ട് പട്ടികകളിലെ വിവരങ്ങളെ ചേരുംപടിചേർക്കുക.

| A | B |
|---|---|
| i) സലിമമുകൻ സൻഗ | v) ജെ. എൻ. യു. വൈസ് ചാൻസലർ |
| ii) ശാന്തിശ്രീ ധൂലിപ്പുടി പണ്ഡിറ്റ് | vi) വനിതാ ഫുട്ബാൾ റഫറി |
| iii) അസിമ ചാറ്റർജി | vii) ഒളിമ്പിക്സ് മെഡൽ |
| iv) മീരാഭായ് ചാനു | viii) വനിതാ ശാസ്ത്രജ്ഞ |

A) i – vi, ii – v, iii – viii, iv – vii
B) i – vii, ii – viii, iii – v, iv – vi
C) i – vi, ii – vii, iii – viii, iv – v
D) i – viii, ii – v, iii – vi, iv – vii

48. 2021- ലെ ഐക്യരാഷ്ട്രസഭയുടെ കാലാവസ്ഥാ വ്യതിയാന കോൺഫറൻസുമായി ബന്ധപ്പെട്ട് അനുയോജ്യമായവ തെരെഞ്ഞെടുക്കുക.

i) ഗ്ലാസ്ഗോ
ii) റിങ്വാൻഡറിങ്ങ്
iii) COP26
iv) കൊബിത

A) i, ii എന്നിവ മാത്രം
B) ii, iii എന്നിവ മാത്രം
C) i, iii എന്നിവ മാത്രം
D) ii, iv എന്നിവ മാത്രം

49. ഇന്ത്യയുടെ പുതിയ കരസേനാ മേധാവി ആര് ?

i) ജനറൽ എം. എം. നരവനെ
ii) ലെഫ്റ്റനന്റ് ജനറൽ മനോജ് പാണ്ഡെ
iii) ലെഫ്റ്റനന്റ് ജനറൽ ജയ്സിങ് നെയ്ൻ
iv) ലെഫ്റ്റനന്റ് ജനറൽ യോഗേന്ദ്ര ദിമി

A) i
B) ii
C) iii
D) iv

50. 2021-ലെ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നേടിയ വല്ലങ്കിതാളം എന്ന കൃതിയുമായി ബന്ധപ്പെട്ട് അനുയോജ്യമായവ തെരെഞ്ഞെടുക്കുക.

i) ഗോരട്ടിവെങ്കണ്ണ
ii) സഞ്ജീവ് വെരെങ്കർ
iii) കവിത
iv) നാടകം

A) i, iii എന്നിവ മാത്രം
B) ii, iii എന്നിവ മാത്രം
C) ii, iv എന്നിവ മാത്രം
D) i, iv എന്നിവ മാത്രം

51. $(3 + 8) \times 4 - 2 \times (4 + 7) =$

A) 242 B) 44 C) 22 D) 11

52. $\dfrac{\frac{6}{11} \times \frac{6}{11} - \frac{5}{11} \times \frac{5}{11}}{\frac{6}{11} - \frac{5}{11}}$

A) 1 B) 0 C) 11 D) $\frac{1}{11}$

53. നീലയും പച്ചയും ചായങ്ങൾ 3 : 5 എന്ന അംശബന്ധത്തിൽ കലർത്തി പുതിയ നിറമുണ്ടാക്കി. നീലയേക്കാൾ 12 ലിറ്റർ കൂടുതലാണ് പച്ച. എത്ര ലിറ്റർ നീലച്ചായ മാണ് എടുത്തത് ?

A) 3 ലിറ്റർ B) 5 ലിറ്റർ C) 6 ലിറ്റർ D) 18 ലിറ്റർ

54. ഒരു സമാന്തരശ്രേണിയിലെ 5-ാം മത്തെ പദം 15 ഉം 7-ാം മത്തെ പദം 21 ഉം ആണ്. ഇതിലെ ആദ്യപദം ഏത് ?

A) 9 B) 3 C) 18 D) 6

55. അനു കൃഷിയാവശ്യത്തിനായി 15,000 രൂപ ബാങ്കിൽ നിന്നും വായ്പ എടുത്തു. ബാങ്ക് 8% പലിശ നിരക്കാണ് കണക്കാക്കുന്നത്. എങ്കിൽ 6 മാസം കഴിയുമ്പോൾ പലിശ എത്ര രൂപയാകും ?

A) 600 B) 1,000 C) 500 D) 100

56. ദിലീപ് ഒരു ആടിനെ 3,200 രൂപയ്ക്ക് വാങ്ങി. അതിനെ വിറ്റപ്പോൾ 8% നഷ്ടം വന്നു. എങ്കിൽ വിറ്റവില എത്ര ?

A) 3,000 B) 2,900 C) 2,944 D) 2,970

57. 12 മീറ്റർ × 16 മീറ്റർ × 20 മീറ്റർ അളവുള്ള ഒരു ചതുരക്കട്ടയിൽ നിന്ന് 4 മീറ്റർ വശമുള്ള എത്ര ക്യൂബുകൾ നിർമ്മിക്കാം ?

A) 60 B) 16 C) 20 D) 12

58. $(-1)^{150} \times \sqrt{625} =$

A) 15 B) 25 C) –15 D) –25

59. അമൽ ഒരു യാത്രയുടെ ആദ്യത്തെ 2 മണിക്കൂർ സമയം 30 കി. മീ./മണിക്കൂർ വേഗതയിലും ശേഷിക്കുന്ന 3 മണിക്കൂർ സമയം 40 കി. മീ./മണിക്കൂർ വേഗത യിലും സഞ്ചരിച്ചാൽ ആ യാത്രയിലെ അയാളുടെ ശരാശരി വേഗത എത്ര ?

A) 70 കി. മീ./മണിക്കൂർ B) 36 കി. മീ./മണിക്കൂർ

C) 10 കി. മീ./മണിക്കൂർ D) 12 കി. മീ./മണിക്കൂർ

60. 3, 6, 18, 21, 63, _____

A) 189 B) 65 C) 66 D) 75

61. ഒരു ടാങ്കിൽ വെള്ളം വരുന്ന രണ്ട് പൈപ്പുകൾ ഉണ്ട്. അവയിൽ ഒരു പൈപ്പ് തുറന്നാൽ 5 മണിക്കൂർ കൊണ്ട് ടാങ്ക് നിറയും. മറ്റേതു തുറന്നാൽ 3 മണിക്കൂർ കൊണ്ട് ടാങ്ക് നിറയും. രണ്ടു പൈപ്പുകളും ഒരുമിച്ച് തുറന്നിട്ടാൽ എത്ര മണിക്കൂർ കൊണ്ട് ടാങ്ക് നിറയും ?

A) $\frac{5}{3}$ മണിക്കൂർ B) $\frac{15}{8}$ മണിക്കൂർ

C) $\frac{8}{15}$ മണിക്കൂർ D) 2 മണിക്കൂർ

62. A = ×, B = – , C = +, D = ÷ എങ്കിൽ

15 A 5 C 18 B 40 D 8

A) 40 B) 48 C) 90 D) 88

63. ഒരു ക്ലാസ്സിലെ പരീക്ഷയ്ക്ക് വിജയിച്ച കുട്ടികളിൽ അജിതയുടെ റാങ്ക് മുകളിൽ നിന്ന് 14-ാംമതും താഴെ നിന്നും 31-ാംമതും ആണ്. 6 കുട്ടികൾ പരീക്ഷ എഴുതാതിരിക്കുകയും ചെയ്തു. എങ്കിൽ ക്ലാസ്സിലെ മൊത്തം കുട്ടികളുടെ എണ്ണം എത്ര ?

A) 52 B) 48 C) 51 D) 50

64. ഒറ്റയാനെ കണ്ടെത്തുക.

A) 41, 3, 7, 47 B) 1, 3, 5, 7

C) 11, 17, 13, 19 D) 3, 7, 13, 17

65. ദീപ ഒരിടത്തു നിന്നും തെക്കോട്ട് 30 മീറ്റർ സഞ്ചരിച്ചതിനുശേഷം വടക്കോട്ട് 35 മീറ്റർ സഞ്ചരിക്കുന്നു. പിന്നീട് കിഴക്ക് ദിശയിലേക്ക് തിരിഞ്ഞു 25 മീറ്റർ സഞ്ചരിക്കുന്നു. വീണ്ടും തെക്കോട്ട് തിരിച്ച് 5 മീറ്റർ സഞ്ചരിക്കുന്നു. എന്നാൽ യാത്ര തിരിച്ചിടത്തു നിന്നും എത്ര അകലത്തിലാണ് ദീപ ഇപ്പോൾ നിൽക്കുന്നത് ?

A) 25 മീറ്റർ B) 5 മീറ്റർ C) 30 മീറ്റർ D) 35 മീറ്റർ

66. ഒരു ക്ലോക്കിലെ സമയം 4.15 മണിയാണ്. ഒരു കണ്ണാടിയിൽ അതിന്റെ പ്രതിബിംബം കാണുന്ന സമയം ഏത് ?

A) 8.15 B) 8.45 C) 7.15 D) 7.45

67. ഒരു മാസത്തിലെ 3-ാംമത്തെ ദിവസം ഞായറാഴ്ചയ്ക്ക് 3 ദിവസം മുൻപായിരുന്നെങ്കിൽ ആ മാസത്തിലെ 27-ാം ദിവസം ഏതു ദിവസമായിരിക്കും ?

A) തിങ്കൾ B) ഞായർ C) ശനി D) ചൊവ്വ

68. ഒരു സംഖ്യയോട് 2 കൂട്ടിയതിന്റെ വർഗ്ഗം 36 ആയാൽ സംഖ്യയായി വരുവാൻ സാധ്യതയുള്ളത് ഏത് ?

A) 6 B) 4 C) 2 D) 8

69. 7 : 349 :: 9 : _______

A) 735 B) 649 C) 549 D) 720

70. A, B യുടെ സഹോദരനാണ് , C, A യുടെ സഹോദരിയാണ്. D, C യുടെ പുത്രനാണ്. D യ്ക്ക് B യോടുള്ള ബന്ധം എന്താണ് ?

A) പുത്രൻ B) സഹോദരൻ C) അനന്തരവൻ D) അച്ഛൻ

71. Had he got an opportunity, he ___________ a film.
   i) will direct ii) would direct
   iii) would have directed iv) direct
   A) Only i and ii B) Only ii
   C) Only iii D) Only i and iv

72. Nobody contacted me during my difficult times, ___________
   A) did he ? B) did they ? C) don't they ? D) did I ?

73. The film show starts every day at 8 p.m. sharp. But today it didn't begin
   A) on time B) at time C) in time D) during time

74. Many a man __________ urged me to quit this job.
   A) were B) have C) has D) is

75. Find out the sentence/sentences that is/are grammatically correct.
   i) One of my relatives have gone abroad.
   ii) You are strictly instructed to write the answers in ink.
   iii) He hanged the picture on the wall.
   iv) One should respect his parents and elders.
   A) Only ii B) Only i and iii
   C) Only iv D) Only ii and iv

76. Summer is the season _______ all creatures on earth appear at their worst.
   A) where B) why C) when D) which

77. Stephen Hawking has made innumerable studies regarding _________ Universe.
   A) an B) any C) a D) the

78. The following sentence is a _________ sentence.
   Owing to laziness, he couldn't accomplish his dreams.
   A) Simple B) Complex
   C) Compound D) Compound-Complex

79. Ramesh is good at English and he prefers reading to
   A) be writing B) write
   C) writing D) have written

80. Change the voice : Someone has changed my attitude.
   A) My attitude has been changed by someone
   B) My attitude had been changed by someone
   C) My attitude is being changed by someone
   D) My attitude was changed by someone

81. Find out the word/words that has/have the right spelling.

i) debut
ii) entreprenur
iii) consciencious
iv) connoisseur

A) Only ii and iii
B) Only iv
C) Only i and iv
D) Only iii

82. What is the meaning of the idiom "Have an axe to grind" ?

A) To have a strong opinion about something
B) To sharpen the tools
C) To seize the opportunity
D) To have an advantage

83. Find out the synonym of the word 'ostensibly'.

A) forgetfully
B) economically
C) sympathetically
D) apparently

84. A 'valetudinarian' is one

A) who behaves in an arrogant manner
B) who is too anxious about his own health
C) who looks at everyone with suspicion
D) who loves mankind

85. Which word/words can be used as the antonym of 'extravagant' ?

i) frugal
ii) squanderer
iii) thrifty
iv) generous

A) Only ii and iii
B) Only iv
C) Only i and iii
D) Only i

86. ______________ punishment is banned in educational institutions.

A) corporal
B) contagious
C) corporate
D) congenial

87. Meaning of the phrase 'sine die' is

A) of its own kind
B) done in secret
C) die suddenly
D) indefinitely

88. Find out the plural/plurals of 'aquarium'.

i) Aquarius
ii) Aquaria
iii) Aquiara
iv) Aquariums

A) Only ii
B) Only ii and iv
C) Only i and iii
D) Only iii

89. I can always ____________ my friends in a crisis.

A) count on
B) call out
C) count against
D) call after

90. The word 'greenhouse' is a ____________ word.

A) simple
B) predicative
C) complex
D) compound

91. താഴെ പറയുന്നവയിൽ ശരിയായ പദം ഏത് ?
A) യൗവനം B) യൗവ്വനം C) യൌവനം D) യവ്വനം

92. താഴെ പറയുന്നവയിൽ ശരിയായ വാക്യം/വാക്യങ്ങൾ ഏത് ?
i) ഓരോ വിദ്യാർത്ഥികളിലും അദ്ദേഹത്തിന്റെ ശ്രദ്ധ പതിയാറുണ്ട്.
ii) ഓരോ വിദ്യാർത്ഥിയിലും അദ്ദേഹത്തിന്റെ ശ്രദ്ധ പതിയറ് പതിവുണ്ട്.
iii) ഓരോ വിദ്യാർത്ഥിയിലും അദ്ദേഹത്തിന്റെ ശ്രദ്ധ പതിയാറുണ്ട്.
iv) ഓരോ വിദ്യാർത്ഥികളിലും അദ്ദേഹത്തിന്റെ ശ്രദ്ധ പതിയാറ് പതിവുണ്ട്.
A) i & iii B) iv മാത്രം C) iii മാത്രം D) ii & iv

93. 'Beat the iron when it is hot'. എന്ന ആംഗല വാക്യത്തിന് സമാനമായ മലയാള ശൈലി ഏത് ?
A) കെണി വച്ചു പിടിക്കുക B) കാറ്റുള്ളപ്പോൾ പാറ്റുക
C) പുര കത്തുമ്പോൾ വാഴവെട്ടുക D) എലിയെ പേടിച്ച് ഇല്ലം ചുടുക

94. അയക്കുന്ന വ്യക്തി എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന ഒറ്റപ്പദം.
A) പ്രേക്ഷിതാവ് B) പ്രേഷിദാവ് C) പ്രേക്ഷിധാവ് D) പ്രേഷിതാവ്

95. ഇരുട്ട് എന്ന വാക്കിന്റെ പര്യായമല്ലാത്ത പദം.
A) തമസ്സ് B) ധ്വാന്തം C) നിടിലം D) അന്ധകാരം

96. ധീരൻ എന്ന പദത്തിന്റെ വിപരീതപദമേത് ?
A) അധീരൻ B) ഭീരു C) അശക്തൻ D) ദുർബലൻ

97. തത്ത്വം – പിരിച്ചെഴുതിയവയിൽ നിന്ന് ശരിയായത് കണ്ടെത്തുക.
A) തദ് + ത്വം B) തത് + ത്വം C) തദ് + ത്ത്വം D) ത + ത്ത്വം

98. കവി എന്ന നാമരൂപത്തിന്റെ സ്ത്രീലിംഗം എഴുതുക.
A) കവിയിത്രി B) കവയത്രി C) കവിയത്രി D) കവയിത്രി

99. വിഗ്രഹാർത്ഥം എഴുതുക. – കല്യാണപ്പന്തൽ.
A) കല്യാണത്തിന്റെ പന്തൽ B) കല്യാണമായ പന്തൽ
C) കല്യാണത്തിനുള്ള പന്തൽ D) കല്യാണത്താൽ പന്തൽ

100. താഴെ തന്നിട്ടുള്ളവയിൽ ചിഹ്നങ്ങൾ ശരിയായി ചേർത്ത വാക്യം ഏത് ?
A) മലയാളത്തിലെ, പ്രതിഭാശാലിയായ കവിയും നാടകകൃത്തും ഗാനരചയിതാവുമാണ് ശ്രീ. കാവാലം നാരായണപ്പണിക്കർ.
B) മലയാളത്തിലെ പ്രതിഭാശാലിയായ കവിയും, നാടകകൃത്തും, ഗാനരചയിതാവുമാണ് ശ്രീ. കാവാലം നാരായണപ്പണിക്കർ.
C) മലയാളത്തിലെ, പ്രതിഭാശാലിയായ കവിയും, നാടകകൃത്തും, ഗാനരചയിതാവുമാണ് ശ്രീ കാവാലം നാരായണപ്പണിക്കർ.
D) മലയാളത്തിലെ പ്രതിഭാശാലിയായ കവിയും നാടകകൃത്തും ഗാനരചയിതാവുമാണ് ശ്രീ. കാവാലം നാരായണപ്പണിക്കർ.

## Space for Rough Work

**FINAL ANSWER KEY**

**Question Paper Code: 080/2022**

**COMMON PRELIMINARY EXAM 2022 (Plus Two Level) - VARIOUS**

**Medium of Question: MALAYALAM**

**Date of Test: 06-08-2022**

| Q No. | QUESTION BOOKLET | | | |
|---|---|---|---|---|
| | A | B | C | D |
| 1 | D | A | A | D |
| 2 | C | C | C | B |
| 3 | A | B | A | C |
| 4 | C | C | D | C |
| 5 | D | A | B | A |
| 6 | A | D | B | A |
| 7 | C | B | C | C |
| 8 | B | C | B | A |
| 9 | C | C | C | D |
| 10 | A | A | A | B |
| 11 | A | B | D | C |
| 12 | C | A | C | B |
| 13 | A | C | A | D |
| 14 | D | B | C | A |
| 15 | B | A | D | B |
| 16 | D | A | C | A |
| 17 | B | C | B | C |
| 18 | C | A | D | B |
| 19 | C | D | A | C |
| 20 | A | B | B | A |
| 21 | B | C | A | D |
| 22 | C | B | C | C |
| 23 | B | D | B | A |
| 24 | C | A | C | C |
| 25 | A | B | A | D |
| 26 | C | B | A | B |
| 27 | B | C | B | C |
| 28 | D | C | D | B |
| 29 | A | A | D | C |
| 30 | B | C | C | A |
| 31 | C | B | B | A |
| 32 | D | C | C | B |
| 33 | X | B | C | D |
| 34 | B | C | A | D |
| 35 | A | A | C | C |
| 36 | B | D | B | C |
| 37 | C | C | A | D |
| 38 | C | A | C | X |
| 39 | A | C | B | B |
| 40 | C | D | A | A |
| 41 | A | C | D | B |
| 42 | B | D | B | A |
| 43 | D | X | C | C |
| 44 | D | B | C | B |
| 45 | C | A | A | A |
| 46 | B | A | C | B |
| 47 | A | B | D | C |
| 48 | C | D | X | C |
| 49 | B | D | B | A |
| 50 | A | C | A | C |

| Q No. | QUESTION BOOKLET | | | |
|---|---|---|---|---|
| | A | B | C | D |
| 51 | C | C | B | D |
| 52 | A | A | D | B |
| 53 | D | B | D | B |
| 54 | B | B | B | A |
| 55 | A | C | A | C |
| 56 | C | D | C | B |
| 57 | A | B | A | D |
| 58 | B | B | D | D |
| 59 | B | A | B | B |
| 60 | C | C | A | A |
| 61 | B | C | D | C |
| 62 | D | A | B | A |
| 63 | D | D | B | B |
| 64 | B | B | A | B |
| 65 | A | A | C | C |
| 66 | D | B | C | C |
| 67 | B | D | A | A |
| 68 | B | D | B | D |
| 69 | A | B | B | B |
| 70 | C | A | C | A |
| 71 | C | C | A | C |
| 72 | B | A | D | D |
| 73 | A | D | B | A |
| 74 | C | B | A | C |
| 75 | A | C | D | A |
| 76 | C | C | C | A |
| 77 | D | B | A | D |
| 78 | A | A | D | B |
| 79 | C | C | B | A |
| 80 | A | A | C | D |
| 81 | C | A | C | C |
| 82 | A | D | D | B |
| 83 | D | B | A | A |
| 84 | B | A | C | C |
| 85 | C | D | A | A |
| 86 | A | C | C | C |
| 87 | D | D | B | A |
| 88 | B | A | A | D |
| 89 | A | C | C | B |
| 90 | D | A | A | C |
| 91 | A | C | X | C |
| 92 | C | B | D | D |
| 93 | B | A | C | X |
| 94 | D | C | B | D |
| 95 | C | C | B | A |
| 96 | B | D | D | C |
| 97 | X | B | C | C |
| 98 | D | D | D | B |
| 99 | C | X | A | B |
| 100 | D | D | C | D |

**'X' DENOTES DELETION**